# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# പട്ടാമ്പി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

# (1-11-2015 മുതൽ 31-3-2016 വരെ)

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി-22/166/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 14-02-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

പട്ടാമ്പി നഗരസഭ

സർ,

വിഷയം :- പട്ടാമ്പി നഗരസഭ - 2015-16 (1-11-2015 മുതൽ 31-3-2016 വരെ) സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (1-11-2015 മുതൽ 31-3-2016 വരെ) ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്: 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4) ഓഫീസ് പകർപ്പ്

നം. കെ.എസ്.എ-പികെഡി-22/166 /2017 തിയ്യതി: 14-02-2017

## പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1-11-2015 മുതൽ 16-1-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ. കൃഷ്ണകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-1-2017മുതൽ 27-1-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി.റോബർട്ട് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂഖ് | അസി.ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എൽ.പത്മകുമാർ | സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീ. കുഞ്ഞുമുഹമ്മദ് റഷീദ് | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ. ആർ.രതീനാഥൻ | 1-11-2015 മുതൽ 21-12-2015 വരെ |
| | ശ്രീ.രാജമോഹൻ പോറ്റി | 22-12-2015 മുതൽ 1-3-2016 വരെ |
| | ശ്രീ.മുരുകൻ ആശാരി | 2-3-2016 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി.എം.ബി | 1-11-2015 മുതൽ 18-12-2015 വരെ |
| | ശ്രീമതി.ജസ്സി.എ | 19-12-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജി.ശങ്കരനാരായണൻ | 1-11-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ.പ്രസാദ്.കെ | 1-11-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സീനത്ത് ബീവി | 1-11-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.റൂബി | 1-11-2015 മുതൽ 30-11-2015 വരെ |
| | ശ്രീ.ഷാജി.വി.എ | 1-12-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.അനിൽ.വി | 1-11-2015 മുതൽ 31-3-2016 വരെ |
| എച്ച്.എം | ശ്രീമതി.രമ.എൻ.പി | 1-11-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | ആഭ്യന്തര നിയന്ത്രണം. | 1(11) |
| 12 | അനുബന്ധ പത്രിക | 1-(12) |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | വസ്തുനികുതി പരിവിലെ കാര്യക്ഷമത-അവലോകനം | 2(1) |
| 2 | വിനോദനികുതി പിരിവ്-അവലോകനം | 2(2) |
| 3 | പരസ്യനികുതി പിരിവ്- അവലോകനം | 2(3) |
| 4 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2(4) |
| 5 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക- സേവന നികുതി - കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം | 2(5) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജീവനക്കാരുടെ അപര്യാപ്തത നഗരസഭയുടെ കാര്യക്ഷമതയെ ബാധിക്കുന്നു- അടിയന്തിര നടപടി ആവശ്യപ്പെടുന്നു | 3(1) |
| 2 | തെരുവു വിളക്കുകളുടേ വൈദ്യുതി ചാർജ് കുറക്കുന്നതിനുള്ള തുടർനടപടികൾ ആവശ്യപ്പെടുന്നു | 3(2) |
| 3 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് നഗരസഭയുടെ തനതു ഫണ്ട് ചോർത്തുന്നു - യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ അനിവാര്യം | 3(3) |
| 4 | ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രൊജക്ടുകൾ രൂപീകരിച്ചതിനാൽ പ്രൊജക്ടുകൾ പ്രാവർത്തികമായില്ല | 3(4) |
| 5 | നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 3(5) |
| 6 | ഗുണഭോക്തൃ സമിതി ആവശ്യപ്പെട്ടതിലും അധികമായി തുക കൊടുത്തത് | 3(6) |

| | | |
|---|---|---|
| 7 | അങ്കണവാടി പോഷകാഹാരം - ഇറക്കുകൂലി നൽകിയത് അംഗീകരിക്കുന്നില്ല | 3(7) |
| 8 | നഗരസഭയുടെ ചുമതലയിലില്ലാത്ത സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും മൈക്ക് സെറ്റ് വാങ്ങി നൽകി -ചെലവ് തുക 49950 രൂപ തടസ്സപ്പെടുത്തുന്നു. | 3(8) |
| 9 | മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിലെ അപാകതൾ | 3(9) |
| 10 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത്പ്രവൃത്തികൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3(10) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 108838500 രൂപയും ചെലവ് 108616700 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 12-1-2017 | - | - |

വരും വർഷങ്ങളിൽ നിയമാനുസൃത സമയപരിധിയ്ക്കുള്ളിൽ വാർഷിക കണക്ക് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ട താണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 1-11-2015 മുതൽ 31-3-2016 വരെ |
|---|---|
| മുന്നിരിപ്പ് | 16353449 |
| വരവ് | 41239106 |
| ആകെ | 57592555 |

| | |
|---|---|
| ചെലവ് | 45517826 |
| നീക്കിയിരിപ്പ് | 12074729 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടു കളിൽ നിന്നു ള്ള നി ക്ഷേപം | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻ സ്ഫർ ക്രെ ഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1501580 | 4661672 | 5662841 | 11826093 | 5662841 | 6163252 ** | 0 |
| വികസന ഫണ്ട് എസ്. സി.പി | 583638 | | 1535877 | 2119515 | 1535877 | 583638 * | 0 |
| വികസന ഫണ്ട് ടി. എസ്.പി | 0 | 2000 | 2000 | 2000 | - | 2000 ** | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1036235 | | 8483259 | 9519494 | 8483259 | 1036235 ** | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 151752 | | 1235546 | 1387298 | 1235546 | 151752 ** | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1828034 | | 2182915 | 4010949 | 1860949 | 2150000 * | 0 |
| പെർഫോ മൻസ് ഗ്രാന്റ് | 2150000 | | 527354 | 2677354 | 749320 | 1928034 * | 0 |

* വി.പി.എഫ്.എ 2 അക്കൗണ്ടിലേക്ക് മാറ്റിയത്. (എസ്.സി.പി+ധനകാര്യ കമ്മീഷൻ ഗ്രാന്റ്+പെർഫോർമൻസ് ഗ്രാന്റ്)

** സർക്കാരിലേക്ക് തിരിച്ചടച്ചത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|---|
| 2015-16 | 266 | 363982093 | 134 | 29327986 | - | 132 | 8% |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 50% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 8% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 1552200 | 734910 | 47 |
| വെറ്ററിനറി സർജ്ജൻ | 3 | 0 | 1650000 | - | - |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3 | 4089254 | 1667693 | 41 |
| സെക്രട്ടറി | 32 | 13 | 39113848 | 3577782 | 9 |
| മുനിസിപ്പൽ എഞ്ചിനിയർ | 207 | 108 | 309612891 | 21265061 | 1 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 2 | 965000 | 306300 | 32 |
| വി.ഇ.ഒ/പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 6 | 1 | 5630000 | 557500 | 1 |

| | | | | | |
|---|---|---|---|---|---|
| എച്ച്.എം | 5 | 5 | 1368900 | 1218740 | 89 |
| ആകെ | 266 | 134 | 363982093 | 29327986 | |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക് ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | | ആകെ | വ്യത്യാസം | % |
|---|---|---|---|---|---|---|
| | | (1.4.2015 മുതൽ 31.10. 2015 വരെ) | (1.11. 2015 മുതൽ 31.3. 2016 വരെ) | | | |
| നികുതി വരവുകൾ | 4652462 | 5880380 | 6762265 | 12642645 | (+)7990183 | (+)171 |
| നികുതി യേതര വരവുകൾ | 34058926 | 6620792 | 8736115 | 15356907 | (-)18702019 | (-)55 |
| ആകെ | 38711388 | 12501172 | 15498380 | 27999552 | (-)10711836 | (-)28 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | - | - | - | |
| 2 | തൊഴിൽ രഹിത വേതനം | 4 | 4 | 3 | |
| 3 | വിധവാ പെൻഷൻ | 66 | 66 | 3 | |
| 4 | വികലാംഗ പെൻഷൻ | 12 | 12 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 230 | 230 | 4 | |

## **1-9** ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-1-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40961 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## **1-10** മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-10-2015 മുതൽ 19-10-2015 വരെ | 1-7-2015 മുതൽ 30-9-2015 വരെ | 19- 2-2016 | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-11-2013 | 2008-09 മുതൽ 2012-13 വരെ | LBA(HQ)IV/8A-2016/13-14-249 തിയതി 19.12.13 | - |

## **1-11** ആഭ്യന്തര നിയന്ത്രണം.

പട്ടാമ്പി ഗ്രാമ പഞ്ചായത്ത് 01-11-2015 മുതൽ നഗര സഭയായി മാറ്റപ്പെട്ടു. നഗരസഭയുടെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി തനതു ഫണ്ടിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടതുണ്ട്. വസ്തു നികുതി , വിനോദ നികുതി , പരസ്യ നികുതി തൊഴിൽ നികുതി, തുടങ്ങിയ നികുതി വരുമാനങ്ങളിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്ന ചോർച്ച കുറയ്ക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ നഗര സഭ നാളിതുവരെ സ്വീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള ഒഴിവാക്കാവുന്ന ചെലവുകൾ , നിയന്ത്രിക്കേണ്ടതും അനിവാര്യമാണ്. ഉദാഹരണത്തിന് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് , കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് എന്നിവ.

## 1-12 ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിവിലെ കാര്യക്ഷമത-

### അവലോകനം

31-10-2015 വരെ ഗ്രാമപഞ്ചായത്ത് ആയിരുന്ന പട്ടാമ്പി 1-11-2015 മുതൽ നഗരസഭയായി മാറുകയും വാർഡുകളുടെ എണ്ണം 16 ൽ നിന്ന് 28 ആയി ഉയർത്തുകയും ചെയ്തു. നിലവിൽ 14923 കെട്ടിടങ്ങളുടെ വിവരങ്ങളാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഡുകളുടെ എണ്ണം 16 ൽ നിന്ന് 28 ആക്കിയിട്ടും സോഫ്റ്റ് വെയറിൽ വാർഡുകളുടെ എണ്ണം 28 ആക്കി മാറ്റിയിട്ടില്ല. പട്ടാമ്പി ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരം നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വിവരം

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 8776 |
| വാണിജ്യം | 3644 |
| മറ്റുള്ള വാണിജ്യ ആവശ്യത്തിനുള്ളവ | 25 |
| ഔദ്യോഗികം | 1755 |

| | |
|---|---|
| വിദ്യാഭ്യാസം | 51 |
| ആശുപത്രി | 44 |
| വ്യവസായം | 49 |
| മറ്റ് വ്യവസായം | 102 |
| നികുതിയിൽ നിന്നും ഒഴിവാക്കിയവ | 167 |
| ഓഡിറ്റോറിയം/ കല്യാണമണ്ഡപം, ...... | 307 |
| മൊബൈൽ ടവ്ഘേസ് | 3 |
| ആകെ | 14923 |

ബി. വസ്തുനികുതി പുനർനിർണ്ണയിച്ചതിന്റെ വിവരം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 4.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ട്. സ.ഉ.(അ)നമ്പർ 20/2011 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത്, വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്.

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണമെന്ന് നിബന്ധനയുണ്ട്. ആയതനുസരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സി. നഗരസഭ ആയതിനുശേഷം പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കാത്തതുമൂലം റവന്യൂ നഷ്ടം

1-11-2015 ന് പട്ടാമ്പി നഗരസഭ രൂപീകരിക്കപ്പെട്ടു. സ.ഉ(സാധാ) നം. 3655/2015 /എൽ.എസ്.ജി.ഡി തിയതി 5-12-2015 പ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടിക്രമം വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ നികുതി നിരക്കുകൾ വ്യത്യസ്തമായതിനാൽ പഴയ കെട്ടിടങ്ങൾക്ക്

2015-16 വർഷം നിലവിലുണ്ടായിരുന്ന നികുതി നിരക്ക് 31-3-2016 വരെ ഈടാക്കാവുന്നതാണെന്നും 1-11-2015 മുതൽ പുതുതായി അസസ്സ്മെന്റ് നടത്തുമ്പോൾ വസ്തുനികുതി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും ഉണ്ടായിട്ടുണ്ട്.

പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകൾ 28 ഡിവിഷനുകളാക്കിയാണ് നഗരസഭ രൂപീകൃതമായത്. നിലവിൽ പഞ്ചായത്തിലെ 16 വാർഡുകൾ പ്രകാരമാണ് കെട്ടിട നമ്പർ നല്കി വരുന്നത്. നഗരസഭയുടെ 28 ഡിവിഷൻ പ്രകാരം നമ്പർ നൽകുകയോ സഞ്ചയ സോഫ്റ്റ്വെയറിൽ നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന നികുതി ചോർച്ച തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഡി. സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിമിതി

സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിന്റെ കൃത്യത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് കാലയളവിൽ കെട്ടിടങ്ങളുടെ ഡാറ്റ എൻട്രി നടത്തിയപ്പോൾ ഉണ്ടായിട്ടുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

2. പഴയ കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്നത് പഞ്ചായത്ത് നികുതി നിരക്കിന്റെ അടിസ്ഥാനത്തിലാണ്. ആയത് ക്രമീകരിക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല.

3. സഞ്ചയ സോഫ്റ്റ്വെയറിൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിലെ അപാകതകൾ ഐ.കെ.എം മുഖേന മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് നിലവിലുള്ള സോഫ്റ്റ്വെയറുകളുടെ പോരായ്മയാണെന്ന് വിലയിരുത്തുന്നു.

നഗരസഭ രൂപീകരിക്കപ്പെട്ടതിനുശേഷം ഐ.കെ.എം ന്റെ സേവനം പരിമിതമായി മാത്രമാണ് ലഭ്യമാകുന്നത്.

ഇ. മൊബൈൽടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭ ഹാജരാക്കിയ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | കെട്ടിട നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 7/177 | എം.എൻ.മധു, റിലയൻസ് ഇൻഫോകോം | 5220 |
| 2 | 7/178 | ടാറ്റാ ടെലി സർവ്വീസ്, മേലെ പട്ടാമ്പി | 11763 |
| 3 | 7/608 | മാനേജർ, ഇൻഡസ് ടവ്വേഴ്സ്, പാലാരിവട്ടം | 7200 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. നഗരസഭാ പരിധിയിൽ മറ്റ് ഏജൻസികളുടേയും ബി.എസ്.എൻ.എല്ലിന്റേയും ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ടവറുകളുടെ ബിൽഡിംഗ് പെർമിറ്റ് നമ്പർ, സ്ഥാപിച്ച വർഷം, ഈടാക്കിയ പെർമിറ്റ് ഫീ, കെട്ടിടനികുതി കുടിശ്ശിക തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2 /2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്. നഗരസഭയുടെ ഭാഗത്തുനിന്ന് കാര്യക്ഷമമായ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

എഫ്. ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

2015-16 വർഷത്തെ വസ്തു/കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിലെ കണക്കും ഡിമാന്റ് രജിസ്റ്ററിലെ കണക്കും പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ജി. കുടിശ്ശികയുടെ കണക്ക്

വാർഷിക കണക്കനുസരിച്ച് 31-3-2016 ലെ കെട്ടിട നികുതി കുടിശ്ശിക 5654369 രൂപയാണ്. കെട്ടിടങ്ങളുടെ എണ്ണത്തിലും നികുതി നിർണ്ണയത്തിലും അപാകതകൾ ഉള്ളതിനാൽ യഥാർത്ഥ കുടിശ്ശിക എത്രയെന്ന് കണക്കാക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. നഗരസഭയുടെ നിരക്കിലേക്ക് നികുതി ഏകീകരിച്ചാൽ കുടിശ്ശികയുടെ തോത് വർദ്ധിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പഴയ കെട്ടിടങ്ങളുടെ നികുതി നഗരസഭയുടെ നിരക്കിലേക്ക് മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള കെട്ടിടനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിലെ കൃത്യത പരിശോധിച്ച് തിരുത്തലുകൾ വരുത്തേണ്ടതാണ്.

5. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതികളും ഐ.കെ.എം, സീബൾബ് എന്നീ ഏജൻസികളുടെ സേവനം ലഭ്യമാകുന്നതിനുമുള്ള പ്രായോഗിക പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി യഥാർത്ഥ കുടിശ്ശിക കണക്കാക്കി ആയത് പിരിച്ചെടുക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 വിനോദനികുതി-അവലോകനം

നഗരസഭയിൽ 2015-16 വർഷത്തിൽ 3 സിനിമാ തിയറ്ററുകൾ പ്രവർത്തിച്ചിട്ടുണ്ട്. ആയതിൽ ഒരു തിയറ്റർ 19-6-2015 വരെ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

2015-16 വർഷത്തിൽ 1-4-2015 മുതൽ 31-10-2015 വരെ ഗ്രാമപഞ്ചായത്ത് നിലവിലുണ്ടായിരുന്ന കാലയളവിൽ 187784 രൂപയും നഗരസഭ രൂപീകരിക്കപ്പെട്ടതിനുശേഷം 1-11-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ 249679 രൂപയും ഉൾപ്പെടെ ആകെ 437463 രൂപ മാത്രമാണ് വിനോദനികുതിയിനത്തിൽ വരവുള്ളത്. തിയേറ്ററുകൾ ഹാജരാക്കുന്ന ഡി.സി.ആറിൽ വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം വളരെ കുറവായി രേഖപ്പെടുത്തിയിട്ടുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ ബോധ്യപ്പെട്ടു. ടിക്കറ്റ് സീൽഡ് രജിസ്റ്ററിൽ സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും തിയറ്ററുകളിലെ സീറ്റുകളും ദിവസേനയുള്ള ഷോകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടു. തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ ഉണ്ടായിരുന്നില്ല. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ

എണ്ണത്തിലെ കൃത്യത പരിശോധിക്കുവാനോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുവാനോ, നഗരസഭയുടെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാനോ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ വിനോദ നികുതിയിനത്തിൽ നഗരസഭയ്ക്ക് റവന്യൂ നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റേയും, തിയറ്ററുകളുടെ സീറ്റിന്റേയും, ശരാശരി വിനോദ നികുതിയുടെയും അടിസ്ഥാനത്തിൽ ഓരോ തിയറ്ററിൽ നിന്നും ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| തിയറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം | | | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ (4 ഷോകൾ) | ശരാശരി വിനോദ നികുതി നിരക്ക് രൂപ | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | ബാൽകണി | I ക്ലാസ് | ആകെ | | | | | |
| അലക്സ് മൂവീസ് | 153 | 350 | 503 | 2012 | 5.61 | 11287 | 3871441 (343 ദിവസം) | (20-6-2015 മുതൽ 12-7-2015 വരെ - 22 ദിവസം ഒഴിവ്) |
| ബാബു | 146 | 358 | 504 | 2016 | 4.30 | 8669 | 3164185 | - |
| ലിറ്റിൽ അലക്സ്/ അലക്സ് സിനിമാസ് | - | 243 | 243 | 972 | 4.96 | 4821 | 385680 | (1-4-2015 മുതൽ 19-6-2015 വരെ ) |
| ആകെ | 299 | 951 | 951 | 1250 | - | - | 7421306 | |

മേൽപറഞ്ഞ പ്രകാരം ഒരു വർഷത്തെ പരമാവധി വിനോദ നികുതി ഡിമാൻറ് 7421306 രൂപയായി നിശ്ചയിക്കാമെന്നിരിക്കെ 2015-16 വർഷത്തെ പ്രതീക്ഷിത വരുമാനമായി കേവലം 650000 രൂപ മാത്രമാണ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം വിനോദനികുതി ഇനത്തിലെ വരവ് 437463 രൂപ മാത്രമാണ്.

2015-16 വർഷത്തിൽ 4 ഷോകൾ വീതം ഉണ്ടായിരുന്നതായി ഡി.സി.ആറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിയറ്ററുകൾക്ക് സീൽ ചെയ്തു കൊടുത്ത ടിക്കറ്റുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| തിയറ്ററിന്റെ പേര് | 2015-16 | | | റിമാർക്ക്സ് |
|---|---|---|---|---|
| | സീറ്റുകളുടെ പരമാവധി എണ്ണം | സീൽ ചെയ്തു കൊടുത്തത് | സീൽ ചെയ്ത ടിക്കറ്റുകളുടെ % | |
| അലക്സ് മൂവീസ് | 690116 | 51546 (ബാൽക്കണി-20424 + ക്ലാസ് I -31122) | 7 | |
| ലിറ്റിൽ അലക്സ്/ അലക്സ് സിനിമാസ് | 76788 | 5377 (ഡി.സി.ആർ പ്രകാരം) | 7 | ടിക്കറ്റ് സീൽഡ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| ബാബു | 735840 | 21809 (ബാൽക്കണി- 14718- +ക്ലാസ് I-7091) | 3 | |
| ആകെ | 1502744 | 78732 | | |

ആകെ സീറ്റുകളുടെ എണ്ണത്തിന്റെ 5.24 % മാത്രം ടിക്കറ്റുകൾ മാത്രമാണ് സീൽ ചെയ്തു കൊടുത്തിട്ടുള്ളത്.

തിയറ്ററുകളിൽ പല ഷോകൾക്കും ആളുകൾ വളരെ കുറവാണെന്നും ചില പടങ്ങൾക്ക് മാത്രമാണ് ആളുകൾ കൂടുതലായി വരുന്നതെന്നും ഉള്ള വാദഗതി കണക്കിലെടുത്താലും 4 ഷോകൾക്കും കൂടി ശരാശരി 20 ടിക്കറ്റുകൾ മാത്രം വില്പന നടത്തി എന്ന് കാണിച്ച് ഡി.സി.ആർ സമർപ്പിച്ചിട്ടുള്ളത് സംശയാസ്പദമാണെന്ന് വിലയിരുത്തുന്നു. സിനിമകളുടെ ആദ്യ ദിവസങ്ങളിലെ എണ്ണം പോലും വളരെ കുറവായാണ് കാണിച്ചിട്ടുള്ളത്. തിയറ്ററുകൾ കൃത്യമായി ടിക്കറ്റുകൾ സീൽ ചെയ്ത് വാങ്ങുന്നുണ്ടെന്നും ഡി.സി.ആർ സമർപ്പിക്കുമ്പോൾ കൃത്യമായ കണക്കുകളാണ് സമർപ്പിക്കുന്നതെന്നും നഗരസഭാധികൃതർ ഉറപ്പുവരുത്തുന്നില്ല.

പ്രേക്ഷകർ കുറവാണെന്ന തിയറ്ററുകളുടെ വാദം ശരിവെക്കുകയാണെങ്കിൽ തന്നെ കുറഞ്ഞത് താഴെ പറയും പ്രകാരം വിനോദനികുതിയിനത്തിൽ വരവുണ്ടാകേണ്ടതായിരുന്നു എന്ന്

വിലയിരുത്തുന്നു.

| ഒരു വർഷത്തിൽ | വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 7421306 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 3710653 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 1855327 |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 742131 |

2015-16 വർഷത്തിൽ പരമാവധി പ്രതീക്ഷിത വിനോദ നികുതിയുടെ 6% മാത്രമാണ് യഥാർത്ഥ വരവ്.

<u>നഗരസഭ ആയതിനുശേഷം വിനോദനികുതി വർദ്ധനവ് വരുത്താത്തതുമൂലം നഷ്ടം</u>

സ.ഉ(എം.എസ്)നം.2697/2007/ത.സ്വ.ഭ.വ തിയതി 3-10-2007 പ്രകാരം എല്ലാ ഭാഷാ ചിത്രങ്ങൾക്കും പഞ്ചായത്ത് പരിധിയിൽ 15%, നഗരസഭാ പരിധിയിൽ 20% എന്നിങ്ങനെ വിനോദനികുതി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

1-11-2015 ന് നഗരസഭ രൂപീകരിച്ചതിനു ശേഷം വിനോദ നികുതി 20% ആയി ഉയർത്താതിരുന്നതുമൂലം താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| തിയറ്റർ | | 1-11-2015 മുതൽ 31-3-2016 വരെ സീൽ ചെയ്ത ടിക്കറ്റുകളുടെ എണ്ണം | ടിക്കറ്റ് നിരക്ക് | ഈടാക്കിയ വിനോദ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നിരക്ക് (20%) | വ്യത്യാസം | ആകെ കുറവ് |
|---|---|---|---|---|---|---|---|
| അലക്സ് മൂവീസ് | Balcony | 8924 | 48 | 6.28 | 8.344 | 2.064 | 18419 |
| | I Class | 12622 | 38 | 4.96 | 6.608 | 1.648 | 20801 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബാബു | Balcony | 6718 | 38 | 4.96 | 6.608 | 1.648 | 11071 |
| | I Class | 3591 | 28 | 3.65 | 4.87 | 1.22 | 4381 |
| ആകെ | | 31855 | | | | | 54672 |

സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ ഒടുക്ക്

സർക്കുലർ നം. 9902/ആർ.ഡി3-2013/ത.സ്വ.ഭ.വ തിയതി 14-5-2013പ്രകാരം വിനോദനികുതിയോടൊപ്പം 25 രൂപയിൽ കുറയാത്ത ടിക്കറ്റിന്മേൽ 3 രൂപ നിരക്കിൽ സെസ്സ് മുൻകൂറായി കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സ.ഉ(സാധാ) നം. 120/2016/ത.സ്വ.ഭ.വ തിയതി 12-1-2016 പ്രകാരം സെസ്സ് സമാഹരണം താത്കാലികമായി നിർത്തിവെക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ(ആർ.ടി) നം. 1236/2016/ത.സ്വ.ഭ.വ തിയതി 11-3-2016 പ്രകാരം സെസ്സ് തുടരുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 1-4-2016 മുതൽ 30-11-2016 വരെയുള്ള കാലയളവിൽ സെസ്സ് ഇനത്തിൽ ലഭ്യമായ 450096 രൂപ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് നഗരസഭാ അധികൃതർ അറിയിച്ചുവെങ്കിലും തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

2. തിയറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തിയറ്റർ ഉടമകൾക്ക് നൽകി തിയറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

3. വിനോദ നികുതി വെട്ടിപ്പ് തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 45979/എഫ്.എം.3/2009/ത.സ്വ.ഭ.വ തിയതി 16-12-2019 ൽ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

4. നഗരസഭയിൽ വിനോദനികുതിയുടെ രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

5. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതും ഉദ്യോഗസ്ഥർ ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

6. നഗരസഭയ്ക്ക് സമർപ്പിക്കുന്ന ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ്, ഡിമാന്റ് തുക എന്നിവ യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ് ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കേണ്ടതുമാണ്.

8. തിയറ്റർ ഉടമകളുടെ യോഗം വിളിച്ച് ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റേയും വിനോദനികുതി കൃത്യമായി ഒടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതാണ്.

9. ഓഡിറ്റ് വർഷത്തിലുണ്ടായതും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ വിനോദനികുതി ചോർച്ച അന്വേഷണവിധേയമാക്കി ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

10. തിയറ്ററുകൾ ഈടാക്കി നഗരസഭയിൽ ഒടുക്കുന്ന സെസ്സ് തുക കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് കൃത്യമായി ഒടുക്കുവാൻ നഗരസഭ ഉറപ്പാക്കേണ്ടതാണ്.

11. വിനോദ നികുതി കുറവായി ഈടാക്കിയതുമൂലം ഉണ്ടായ 54672 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 <u>പരസ്യനികുതി പിരിവ്- അവലോകനം</u>

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 209, 209എ, 209സി, 209ഡി, 209ഇ, 256 എന്നീ വകുപ്പുകളിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 207, 271, 272, 273, 274, 275, 276 എന്നീ വകുപ്പുകളിലും പരസ്യനികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. പട്ടാമ്പി ഗ്രാമപഞ്ചായത്ത് 1-11-2015 മുതൽ നഗരസഭയാക്കി മാറ്റിയിട്ടുണ്ടെങ്കിലും പരസ്യനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ പരസ്യ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നടത്തിയ അവലോകനത്തിന്മേലുള്ള നിരീക്ഷണ ങ്ങൾ താഴെ ചേർക്കുന്നു.

<u>എ. ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ല</u>

സർക്കാറിന്റെ അംഗീകാരത്തോടുകൂടി പരസ്യ നികുതി നിരക്ക് നിശ്ചയിക്കുവാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും, പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുമ്പോൾ വാങ്ങിക്കേണ്ട നികുതി വിവരങ്ങൾ ഉൾക്കൊള്ളുന്ന ബൈലോ തയ്യാറാക്കേണ്ടതുമാണ്. നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ നമ്പർ, വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പട്ടാമ്പി നഗരസഭയിൽ അത്തരത്തിലുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബി. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

നഗരസഭ രൂപീകരണത്തിനു മുമ്പ് (31-10-2015 വരെ) പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള ഒരു ബൈലോ നിലവിലുണ്ടായിരുന്നില്ല. കുത്തക പാട്ടം മുഖേന പരിസ്യനികുതി പിരിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. 1-11-2015ന് നഗരസഭ രൂപീകരിച്ചതിനു ശേഷവും നിയമ വ്യവസ്ഥകൾക്കനുസരിച്ച് പുതുക്കിയ ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പരസ്യനികുതി പരിഷ്കരിച്ച് കാലികമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

സി. പരസ്യനികുതി പിരിവ് വിശകലനം

| വർഷം | പരസ്യ നികുതി ഡിമാന്റ് | പരസ്യ നികുതി പിരിവ് | പരസ്യ നികുതി ബാലൻസ് | പിരിവിന്റെ പുരോഗതി |
|---|---|---|---|---|
| 2013-14 | 51013 | 51013 | - | 2014-15, 2015-16 വർഷങ്ങളിൽ പരസ്യ നികുതി പിരിച്ചെടുക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 2014-15 | - | - | - | |
| 2015-16 | - | - | - | |

2013-14 വർഷത്തിൽ പരസ്യ നികുതി കുത്തകപാട്ടം മുഖേന പിരിക്കുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. 2014-15, 2015-16 വർഷങ്ങളിൽ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനം നഷ്ടമായിട്ടുണ്ട്. 2014-15, 2015-16 വർഷങ്ങളിൽ ഇതുമൂലം വരുമാനം നഷ്ടം ഉണ്ടായിട്ടുള്ളത് കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. തുടർന്ന് ഈ ഇനത്തിൽ വരുമാനം ഉണ്ടാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

ഡി. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

നഗരസഭയുടെ അനുമതി വാങ്ങാതെയാണ് വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നതെങ്കിലും ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സൂചകം | നടപടിയുടെ വിവരം |
|---|---|
| സർക്കുലർ നം. .75667/RC2/2013/LSGD തിയതി 02.01.2014 പ്രകാരം പരസ്യങ്ങൾ പ്രദർശിപ്പി ക്കാൻ അനുമതി നൽകുമ്പോൾ വൃക്ഷങ്ങൾക്ക് നാശം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ? നിലവിൽ വൃക്ഷങ്ങൾക്ക് ദോഷകരമായ രീതിയിൽ പ്രദർശിപ്പിച്ചിരുന്ന പരസ്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടോ? | സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി കടന്നു പോകുന്ന പബ്ലിക്ക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ? നികുതി ഈടാക്കിയിട്ടുണ്ടോ? | അത്തരത്തിലുള്ള അനുമതി നൽകുകയോ നികുതി ഈടാക്കുകകയോ ചെയ്തിട്ടില്ല. |
| പരസ്യ നികുതി ഈടാക്കുന്നതിനായി വൻതോതിൽ തുക ചെലവുണ്ടായിട്ടുണ്ടോ? | ഇക്കാര്യത്തിനായി തുകയൊന്നും ചെലവഴിക്കുന്നില്ല. |
| സർക്കാർ ഉത്തരവ് (കൈ)നം.194/2014/ ത.സ്വ.ഭ.വ തീയതി 06.11.2014 പ്രകാരം കെ.എസ്.ഇ.ബി പോസ്റ്റുകളിൽ പരസ്യ പ്രദർശനത്തിനും പരിപാലനത്തിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരസ്യ പ്രദർശനങ്ങളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ വരുമാനം ലഭ്യമായിട്ടുണ്ടോ? | അത്തരത്തിൽ നടപടി സ്വീകരിച്ചതിന് രേഖകളില്ല. |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പരസ്യനികുതി പിരിവിനുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. നിയമം അനുശാസിക്കുന്ന പ്രകാരം പരസ്യ ബോർഡുകളുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അടിസ്ഥാന തുക നിശ്ചയിച്ച് കൗൺസിൽ അംഗീകരിച്ചതിന് ശേഷം മാത്രം പരസ്യ നികുതി പിരിവിനുള്ള ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന്

നഗരസഭാ അധികൃതർ ഉറപ്പാക്കേണ്ടതാണ്.

പരസ്യനികുതിയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും, ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ദ ന്യൂ ഇൻഡ്യ അഷ്യുറൻസ് |
| 2 | കാർത്തിക ഫൈനാൻസ് |
| 3 | എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ |
| 6 | മുത്തൂറ്റ് ഫിൻ കോർപ്പ്, ബസ്റ്റാന്റ് |
| 7 | എസ്.ബി.ടി |
| 8 | മണപ്പുറം ഫിനാൻസ് |
| 9 | രാധാകൃഷ്ണ ഫിനാൻസ് |
| 10 | മുത്തൂറ്റ് ഫിനാൻസ് മേലെ പട്ടാമ്പി |
| 11 | ഓറിയന്റൽ ഇൻഷ്യുറൻസ് |
| 12 | കാനറ ബാങ്ക് |
| 13 | മഹീന്ദ്രാ ഫിനാൻസ് |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2/21-1-2017 നുള്ള മറുപടി കൂടി പരിഗണിച്ചാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഈടാക്കാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സ്ഥാപനങ്ങളുടെ രജിസ്റ്റർ

ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ഡിമാന്റ് രജിസ്റ്റർ

ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ് കൃത്യമായിരിക്കുവാൻ സൂക്ഷിക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക- സേവന നികുതി - കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 3 ഷോപ്പിംഗ് കോംപ്ലക്സുകളിൽ ,എൻ.എസ്.സി എന്ന പേരിലറിയപ്പെടുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന മുറികൾ വാടകക്കെടുത്ത വ്യക്തികൾ വാടകയിനത്തിലും സേവന നികുതിയിനത്തിലുമായി താഴെ പറയും വിധം തുക ഒടുക്കാനുള്ളതായി കാണുന്നു.

വിശദാംശങ്ങൾ

<table>
<tr><th rowspan="2">ക്രമനം</th><th rowspan="2">മുറി നമ്പർ</th><th rowspan="2">വാടകക്കാരന്റെ പേരും വിലാസവും</th><th colspan="2">ഒടുക്കുവാൻ ബാക്കിയുള്ള തുക</th><th rowspan="2">ആകെ</th></tr>
<tr><th>വാടക</th><th>*സേവന നികുതി</th></tr>
<tr><td>1</td><td>NBS-6</td><td>അബ്ദുൽ കഹാർ, S/Oഉമ്മർ ഹാജി, കല്ലേപ്പറമ്പിൽ, കുന്നപ്പള്ളി<br>(പ്രതിമാസ വാടക 13111രൂപ)</td><td>0</td><td>47640രൂപ (2010-11-2014-2015 വരെയുള്ള കുടിശ്ശിഖ)<br>21925 രൂപ<br>(2015-16-ലെ കടിശ്ശിഖ)</td><td>69565</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 2 | NBS 7 | ശ്രീ കെ.സി. ശിവദാസൻ, ശ്രീ വത്സം, ലിബർട്ടി സ്ട്രീറ്റ് പട്ടാമ്പി (പ്രതിമാസ വാടക 13202രൂപ) | 13202 രൂപ (2015-16- മാർച്ച് മാസത്തെ കുടിശ്ശിഖ) | 48138 രൂപ (2010-11 മുതൽ 2014-15വരെ യുള്ള കാലയള വിലെ കുടിശ്ശിക) 17124 രൂപ (2015-2016 ലെ കുടിശ്ശിഖ) | 78464 |
| 3 | NSC 10 | ശ്രീ ഗഫൂർ, ചീരാം പറമ്പിൽ, കട്ടുങ്ങാട്, ചാലിശ്ശേരി (പ്രതിമാസ വാടക 13230രൂപ) | 26460 രൂപ (2016 ഫെബ്രുവരി , മാർച്ച് മാസങ്ങളിലെ വാടകകുടിശ്ശിക 13230x2) | 8415 രൂപ (2015-2016 ൽ ഒടുക്കാനുള്ള ബാക്കി തുക | 34875 |
| 4 | NSC-27 | അനീഷ് S/O ചാത്തൻ, അമ്പലപ്പറമ്പിൽ, മുതുതല (പ്രതിമാസ വാടക 22050രൂപ) | 22050 രൂപ (2015-16- മാർച്ച് മാസത്തെ കുടിശ്ശിഖ) | 3193 രൂപ (2015-16- മാർച്ച് മാസത്തെ കുടിശ്ശിഖ) | 25243 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | | 208147 രൂപ |

*സേവന നികുതി 2015-2016 -ലെ നിരക്ക് - ഏപ്രിൽ, മെയ്- പ്രതിമാസ വാടകയുടെ 12.36 % , ജൂൺ മുതൽ ഒക്ടോബർ വരെ- 14% നവംബർ മുതൽ മാർച്ച് വരെ 14.5%.

(പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിലൊന്നും തന്നെ മുൻവർഷ കുടിശ്ശികകൾ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2015-2016 ലെ ഡിമാന്റ് – കളക്ഷൻ രജിസ്റ്ററിൽ മുൻകാല കുടിശ്ശിക തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നാണ് മേൽ പറഞ്ഞ കണക്കുകൾ എടുത്തിട്ടുള്ളത്.)

2015-2016 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ, മേൽ പറഞ്ഞ തുക കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. (വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക 1906715 രൂപയാണ്) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ 13 .തീയ്യതി 27-01.2017) ത്തിന് നഗരസഭ സമർപ്പിച്ച മറുപടിയിൽ മേൽ പറഞ്ഞ തുക ഒടുക്കാൻ ബാക്കി നിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക, 208147 രൂപ (നിലവിലുള്ള നിരക്കിൽ പിഴ സഹിതം) ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ അപര്യാപ്തത നഗരസഭയുടെ കാര്യക്ഷമതയെ ബാധിക്കുന്നു- അടിയന്തിര നടപടി

## ആവശ്യപ്പെടുന്നു

പാലക്കാട് ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തായി ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പട്ടാമ്പി ഗ്രാമപഞ്ചായത്ത് 1-11-2015 മുതൽ നഗരസഭയായി മാറ്റപ്പെട്ടു. 15.84 ച.കിലോമീറ്റർ വിസ്തൃതിയുള്ള നഗരസഭയിൽ 28 വാർഡുകളാണ് ഉള്ളത്. പാലക്കാട് ജില്ലയിലെ പ്രമുഖ വ്യാപാരകേന്ദ്രം കൂടിയാണ് പട്ടാമ്പി. സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിടുന്ന നഗരസഭയ്ക്ക് ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട തുണ്ട്. വർദ്ധിച്ചുവരുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ജീവക്കാരുടെ അപര്യാപ്തതയാണ് നിലവിൽ നഗരസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇത് നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുതൽ എല്ലാ മേഖലകളെയും സാരമായി ബാധിക്കുന്നുണ്ട്.

അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം

നഗരസഭാ രൂപീകരണത്തോടനുബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെ 18 ഓഫീസ് ജീവനക്കാർ, ഒരു ഡ്രൈവർ, 15 കണ്ടിൻജന്റ് ജീവനക്കാർ, 8 സാനിറ്റേഷൻ വർക്കർമാർ, 4 ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരുൾപ്പെടെ 47 തസ്തികകളാണ് സ.ഉ(എം.എസ്)നം.109/2016/ ത.സ്വ.ഭ.വ തിയതി 15.8.2016 പ്രകാരം നഗരസഭയ്ക്ക് അനുവദിച്ച് കിട്ടിയത്. ഇതിൽ ഒരു ക്ലർക്ക്, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജെ.പി.എച്ച് എന്നീ തസ്തികകളിലേക്ക് മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. പഞ്ചായത്ത് ജീവനക്കാരായിരുന്ന 5 ഓഫീസ് ജീവനക്കാർ, 1 ഡ്രൈവർ, 4 എഫ്.ടി.എസ് എന്നിവർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിചെയ്താണ് നിലവിൽ നഗരസഭയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നത്.

ജീവനക്കാരുടെ കുറവ് മൂലം തനത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട തുകകൾ യഥാസമയം പിരിച്ചെടുക്കാനാകാത്തതും ആയതിന്മേൽ കൃത്യമായ മേൽനോട്ടം നടത്താനാകാത്തതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്.

നഗരസഭ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുതകുന്ന വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങളും മേൽനോട്ടവും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 തെരുവു വിളക്കുകളുടേ വൈദ്യുതി ചാർജ് കുറക്കുന്നതിനുള്ള തുടർനടപടികൾ ആവശ്യപ്പെടുന്നു

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പട്ടാമ്പി സെക്ഷനിലെ സീനിയർ സൂപ്രണ്ടിന്റെ

15-7-2015ലെ നമ്പറില്ലാ കത്ത് പ്രകാരം പട്ടാമ്പി ഗ്രാമപഞ്ചായത്ത് പരിധിയിൽ 16-8-2014 തിയതിയിൽ താഴെ പറയുന്ന പ്രകാരം തെരുവ് വിളക്കുകൾ ഉണ്ടായിരുന്നു.

| ക്ര. നം | ലാമ്പുകൾ | വാട്ട് | എണ്ണം | താരിഫ് | പ്രതിമാസ തുക |
|---|---|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് | 250 | 176 | 414 | 72864 |
| 2 | -ടി- | 250*2 | 18 | 828 | 14904 |
| 3 | സി.എഫ്.എൽ | 11*2 | 1025 | 14 | 14350 |
| 4 | ട്യൂബ് | 40*2 | 352 | 122 | 42944 |
| ആകെ | | | | | 145062 |

നഗരസഭ രൂപീകരിച്ചതിനുശേഷവും പ്രതിമാസം 145062 രൂപ ഒടുക്കിവരുന്നുണ്ട്. പ്രതിവർഷം 1740744 രൂപ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ മാത്രം തനതുഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ഒടുക്കേണ്ടതുണ്ട്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ പരമാവധി ഒഴിവാക്കി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിച്ചാൽ താഴെ പറയും പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് വരുത്താവുന്നതാണ്.

| ക്രമ. നമ്പർ | വിളക്ക്/ എണ്ണം/ താരിഫ്/ പ്രതിമാസ ചാർജ് | പ്രതിവർഷ ചാർജ് | പകരം CFL ഉപയോഗിക്കുക യാണെങ്കിൽ എണ്ണം/താരിഫ്/ പ്രതിമാസ ചാർജ് | പ്രതിവർഷ ചാർജ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | SVL<br>176<br>414<br>72864 | 874368 | 176<br>14<br>2464 | 29568 | 844800 |

| | | | | | |
|---|---|---|---|---|---|
| 2 | SVL-250*2<br>18<br>828<br>14904 | 178848 | 18<br>14<br>252 | 3024 | 175824 |
| 3 | TUBE-40*2<br>352<br>122<br>42944 | 515328 | 352<br>14<br>4928 | 59136 | 456192 |
| | | | | | 1476816 |

14.77 ലക്ഷം രൂപ പ്രതിവർഷം ലാഭം ഉണ്ടാക്കുവാനാവശ്യമായ തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. വിളക്കുകൾക്ക് മീറ്ററിങ്ങ് നടത്തണമെന്ന സർക്കാർ ഉത്തരവും സോഡിയം വേപ്പർ വിളക്കുകൾ ഒഴിവാക്കി പകരം വാട്ടേജ് കുറഞ്ഞ വിളക്കുകൾ ഉപയോഗിക്കണമെന്ന നിർദ്ദേശവും ഭരണസമിതി നാളിതുവരെ പാലിക്കാത്തതിനാൽ തനതു ഫണ്ടിൽ നിന്നും വലിയൊരു സംഖ്യ നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുന്നുണ്ട്. മീറ്റർ ഘടിപ്പിക്കാത്തതിനാൽ നഷ്ടം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.
2. വൈദ്യുത വിളക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റത്തിനനുസരിച്ച് രജിസ്റ്റർ പുതുക്കേണ്ടതുമാണ്.
3. ഊർജ്ജ ഉപഭോഗം കുറവുള്ള LED/ CFL വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
4. ജി.ഒ.(എം.എസ്.)34/2003/പി.ഡി./2-12-2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതിയുണ്ട്. മുഴുവൻ തെരുവുവിളക്കുകളേയും മീറ്ററിംഗ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്.
5. എ.എം.സി കാലയളവിനുള്ളിൽ ബൾബുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അവ കൃത്യമായി മാറ്റി വാങ്ങുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
7. ഈയിനത്തിൽ നഗരസഭാ പരിധിയിൽ താമസിക്കുന്നവരിൽ നിന്നും യുക്തമായ

സേവനനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് നഗരസഭയുടെ തനതു ഫണ്ട് ചോർത്തുന്നു - യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ അനിവാര്യം

പട്ടാമ്പി നഗരസഭാ പരിധിയിൽ നഗരസഭ നേരിട്ട് നടത്തുന്ന മുപ്പത്തിയൊന്ന് കുടിവെള്ള പദ്ധതികളാണുള്ളത്. ഈ കുടിവെള്ള പദ്ധതികളൊന്നും നാളിതുവരെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തത് കാരണം ഭാരിച്ച നഷ്ടം തനതു ഫണ്ടിനുണ്ടാകുന്നുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറി തനതു ഫണ്ടിൽ നിന്നുള്ള ചോർച്ച കുറയ്ക്കണമെന്നുള്ള നാളിതുവരെയുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഈ കുടിവെള്ള പദ്ധതികളിൽ നിന്നും ആകെ 5022 ഗാർഹികകണക്ഷനുകളും, 380 ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗാർഹിക കണക്ഷനുകളുടെ നിരക്ക് പ്രതിമാസം 65 രൂപയും ഗാർഹികേതര കണക്ഷന് 380 രൂപയുമാണ് ഈടാക്കുന്നത്. വെള്ളക്കരം ഈടാക്കുന്നതിനുള്ള ബൈലോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പദ്ധതികളിൽ പൊതു ടാപ്പുകളൊന്നും നിലവിലില്ല. പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപ്പണി, തൊഴിലാളികളുടെ വേതനം എന്നീ ഇനങ്ങളിൽ താഴെ പറയുന്ന ചെലവുകൾ 2015-16 വർഷത്തിലുണ്ടായിട്ടുണ്ട്.

| | |
|---|---:|
| അറ്റകുറ്റപ്പണി | 1674396 |
| വേതനം | 2154710 |
| വൈദ്യുതി ചാർജ്ജ് | 4258201 |
| ആകെ ചെലവ് | 8087307 |

2015-16 വർഷത്തിൽ വെള്ളക്കരം ഇനത്തിലെ വരവ് – 470830/- രൂപ

വരവിനേക്കാൾ 7616477/- രൂപ കൂടുതലാണെന്നത് ആശങ്കാജനകമാണ്.

നാളിതു വരെയുള്ള നഷ്ടം കണക്കാക്കിയാൽ വളരെ ഭീമമായ സംഖ്യ ഈയിനത്തിൽ പഞ്ചായത്തിന്/ നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറി മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള ഫണ്ട് ചോർച്ച ഒഴിവാക്കേണ്ടതാണ്.

അടിയന്തിരമായി നിരക്ക് വർദ്ധനവ് നടത്തി നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് അനുസരിച്ച് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് പഞ്ചായത്തും ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കുന്നതാണ്.
ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രൊജക്റ്റുകൾ രൂപീകരിച്ചതിനാൽ പ്രൊജക്റ്റുകൾ പ്രാവർത്തികമായില്ല

2015-16 വർഷത്തിൽ രൂപീകരിച്ചിട്ടുള്ള താഴെ പറയുന്ന പ്രൊജക്റ്റുകൾ രൂപീകരിച്ചിട്ടുള്ളത് ആവശ്യമായ പഠനം നടത്താതെയും ഫണ്ട് ലഭ്യത ഉറപ്പാക്കാതെയുമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | അടങ്കൽ | ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 241/16 | അക്ഷയപാത്രം (പൊതുമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ) | 15000000 | സംസ്ഥാനാ വിഷ്കൃതം | സെക്രട്ടറി |
| 2 | 242/16 | മാർക്കറ്റ് സമുച്ചയത്തിലെ അറവുശാല നിർമ്മാണം | 10000000 | സംസ്ഥാനാ വിഷ്കൃതം -2000000 മറ്റുള്ളവ - 8000000 | സെക്രട്ടറി |
| 3 | 193/16 | മത്സ്യ മാർക്കറ്റ് നിർമ്മാണം | 25000000 | മറ്റുള്ളവ | മുനിസിപ്പൽ എഞ്ചിനിയർ |
| 4 | 276/16 | മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 165932244 | മറ്റുള്ളവ | മുനിസിപ്പൽ എഞ്ചിനിയർ |
| 5 | 278/16 | കൊമേഴ്സ്യൽ ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ് | 18000000 | തനത്ഫണ്ട്- 5000000 മറ്റുള്ളവ -13000000 | മുനിസിപ്പൽ എഞ്ചിനിയർ |
| 6 | 192/16 | മാർക്കറ്റ് സമുച്ചയം നിർമ്മാണം | 55426404 | മറ്റുള്ളവ (വായ്പ -50040000 + ഗുണഭോക്തൃ വിഹിതം - | മുനിസിപ്പൽ എഞ്ചിനിയർ |

| | | | | | |
|---|---|---|---|---|---|
| | | | | 5386404) | |
| ആകെ | | | 289358648 | | |

272358648 രൂപ മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ 17000000 രൂപ പ്രതീക്ഷിച്ചുവെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യത ഉറപ്പുവരുത്താതെ വൻതുക വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിച്ചത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. മേൽ പട്ടികയിലെ ക്രമ നം. 1 മുതൽ 4 വരെയുള്ള പ്രൊജക്റ്റുകൾ സ്പിൽഓവറായി 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ക്രമ നം. 5 സ്പിൽ ഓവറാക്കി അംഗീകാരം ലഭ്യമാക്കിയതിനുശേഷം (93/17) സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും റെയിൽവേയുടെ സമ്മതപത്രം ലഭ്യമാകാത്തതിനാൽ പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ പ്രൊജക്റ്റിനായി തനത് ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുവാനിടയുണ്ടോ എന്ന് വിലയിരുത്തിയിട്ടില്ല.

ആവശ്യമായ പഠനം നടത്താതെയും തുകയുടെ ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-5 നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

2015-16 വർഷത്തിൽ തനത്ഫണ്ടിൽ നിന്നും 1115346 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് നഗരസഭയ്ക്ക് പുതിയതായി ഒരു വാഹനം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാഹനത്തിന്റെ വിവരം - ടൊയോട്ടോ ഇന്നോവ-GX-7S

ഏജൻസിയുടെ പേര് - അമാന ടൊയോട്ട, വി.പി.കെ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ്, മുണ്ടൂർ

ചെലവ് - 1115346 രൂപ

വൗച്ചർ നം. 21501268/11-12-2015

ഡി.ഡി നം. 760558/14-12-2015 – 1112176 രൂപ

ഡി.ഡി. നം. 760557/14-12-2015 – 3170 രൂപ

രേഖകളുടെ പരിശോധനയിൽ അവശ്യം പാലിക്കേണ്ട വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാഹനം വാങ്ങിയിട്ടുള്ളതെന്ന് കണ്ടെത്തി.

5-12-2015 തിയതിയിലെ സ.ഉ(സാധാ)നം.3655/2015/ത.സ്വ.ഭ.വ പ്രകാരം ഒരു വാഹനം മാത്രമുള്ള നഗരസഭയ്ക്ക് നിലവിലുള്ള മാർഗ്ഗനിർദ്ദേശം/നടപടിക്രമം പാലിച്ച് പുതുതായി വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നഗരസഭയ്ക്ക് പുതിയ ഒരു വാഹനം വാങ്ങുന്നതിനായി 1-12-2015 ലെ തീരുമാനം നം. 18 പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. തീരുമാനത്തിൽ നിലവിൽ 10 ലക്ഷം രൂപ മാത്രമാണ് ഔദ്യോഗിക വാഹനം വാങ്ങുന്നതിന് നഗരകാര്യ ഡയറക്ടർ അനുമതി നൽകിയിട്ടുള്ളതെന്നും ടി തുകയിൽ അധികരിക്കാത്ത സംഖ്യയേ ചെലവഴിക്കുവാൻ പാടുള്ളുവെന്നും സെക്രട്ടറി കൗൺസിൽ മുമ്പാകെ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നോവ കാർ വാങ്ങുന്നതിനുള്ള തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നീക്കി വെക്കുന്നതിനും അനുബന്ധ ചെലവുകൾ ഉൾപ്പെടെ 10 ലക്ഷം രൂപയിൽ അധികമാണെങ്കിലും ചെലവ് ചെയ്യുന്നതിന് സെക്രട്ടറിയെ അധികാരപ്പെടുത്തിയെങ്കിലും പ്രൊജക്റ്റ് രൂപീകരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കാതെയാണ് തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് വാഹനം വാങ്ങിയിട്ടുള്ളത്.
സർക്കാർ ഉത്തരവ് (സാധാ)നം. 2528/12/ത.സ്വ.ഭ.വ തിയതി 6-9-2012 പ്രകാരം വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കാർ അനുവദിച്ചതിലും അധികമായി 115346 രൂപ ചെലവഴിച്ചാണ് വാഹനം വാങ്ങിയിട്ടുള്ളത് .

പ്രൊജക്റ്റ് രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കാതെയും, സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയില്ലാതെയും വാഹനം വാങ്ങുന്നതിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച 1115346 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 ഗുണഭോക്തൃ സമിതി ആവശ്യപ്പെട്ടതിലും അധികമായി തുക കൊടുത്തത്

പ്രവർത്തിയുടെ പേര് – 230/16-സുന്ദരൻപടി റോഡ് കോൺക്രീറ്റ്

കൺവീനർ – ശ്രീ.എൻ.ടി.ഹംസ

അടങ്കൽ – 1,50,000/- രൂപ (KLGSDP)

ബിൽ നമ്പർ -3/15-16/21-3-2016 – 1,50,000/- രൂപ

എം.ബി നമ്പർ -35/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനിയർ

ആകെ പ്രവർത്തിമൂല്യം (അളവുപുസ്തക പ്രകാരം) -1,41,762.88-രൂപ + നികുതികൾ(വാറ്റ്+ഐ.ടി) 9922 രൂപ = 150000 രൂപ

മേൽ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതിയുടെ രേഖകൾ പ്രകാരം ചെലവ് 1,38,200/- രൂപയാണ്. എന്നാൽ താഴെ പറയും പ്രകാരമുള്ള തുക കൺവീനർക്ക് നല്കിയിട്ടുണ്ട്.

| | നൽകിയത് | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 141762 | 138200 | |
| | +നികുതി (6%)– 8506 | +നികുതി (6%)– 8292 | |
| | 150000 | 146492 | 3508 |

യഥാർത്ഥ ചെലവിനേക്കാൾ അധികം നല്കിയ തുക കൺവീനറിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-7 <u>അങ്കണവാടി പോഷകാഹാരം - ഇറക്കുകൂലി നൽകിയത് അംഗീകരിക്കുന്നില്ല</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി അങ്കണവാടി പോഷകാഹാരം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോ.നം.10/16 -അങ്കണവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ-2800000- വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ്-1538108

പദ്ധതി പ്രകാരം പട്ടാമ്പി നഗരസഭയിലെ 22 അംഗൻവാടികളിലേക്ക് മാവേലി സ്റ്റോറിൽനിന്ന് സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് കടത്തുകൂലിയിനത്തിൽ ഒരു കിലോ ഗ്രാമിന് 3 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ 3 ക്വട്ടേഷനുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.പ്രമോദ്.പി, പനച്ചിക്കൻ, മണ്ണേങ്ങോട് എന്നയാളുടെ ക്വട്ടേഷനാണ് സ്വീകരിച്ചിട്ടുള്ളത്. പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ 30-07-2015 ലെ 5(3) നം തീരുമാനപ്രകാരം ഈ നടപടി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചില ബില്ലുകളിൽ ഇതിനു പുറമെ ഇറക്കുകൂലി എന്ന പേരിൽ അധിക തുക അനുവദിച്ചതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ആകെ | ഇറക്കു | ഡി.ഡി നം/ | തുക |
|---|---|---|---|

| ഇറക്കിയ സാധനത്തിന്റെ തൂക്കം | കൂലി | തിയതി | |
|---|---|---|---|
| 4650 | 324 | 760420 തി.10-07-2015 | 13950 |
| 3750 | 900 | 862703 തി 30-03-2016 | 12150 |
| ആകെ | 1024 | | |

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.3/21-1-2017 ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ അംഗണവാടികളിലേക്ക് സ്റ്റോക്ക് ഇറക്കുമ്പോൾ കടത്തുകൂലിക്ക് പുറമേ പോർട്ടർമാർ കയറ്റിറക്കുകൂലി ആവശ്യപ്പെട്ടതിനാലാണ് തുക നൽകാൻ ഇടവന്നതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ലാത്തതിനാൽ

ക്വട്ടേഷൻ നിരക്കിനേക്കാളും കൂടുതൽ തുക ഇറക്കുകൂലി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 1024 രൂപ നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 <u>നഗരസഭയുടെ ചുമതലയിലില്ലാത്ത സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും മൈക്ക് സെറ്റ് വാങ്ങി നൽകി -ചെലവ് തുക 49950 രൂപ തടസ്സപ്പെടുത്തുന്നു.</u>

2015-2016 സാമ്പത്തിക വർഷത്തിൽ ഹെഡ് മിസ്ട്രസ്സ്, ജി.എം.എൽ.പി. സ്കൂൾ, പട്ടാമ്പി നിർവഹണ ഉദ്യോഗസ്ഥയായി താഴെപറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജ.നം 264/16-പഞ്ചായത്തിനു വിട്ടു കിട്ടിയ സ്കൂളുകൾക്ക് മൈക്ക് സെറ്റ് വാങ്ങൽ

അടങ്കൽ 50000 രൂപ (തനത് ഫണ്ട്)

ചെലവ് 49950 രൂപ ( ചെക്ക് നം 4714806/ 26.03.16

ഡി.ഡി. നം 862742/30.03.16)

വാങ്ങിയ യൂണിറ്റുകളുടെ എണ്ണം – 3

മൈക്ക് സെറ്റ് സപ്ലൈ ചെയ്തു (കെ.പി.എം. സ്റ്റോർസ്, ചെർപ്പുളശ്ശേരി)

സ്ഥാപനം ഇൻവോയ്സ് നം 86/11.02.16 )

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കി 3 യൂണിറ്റ് മൈക്ക്സെറ്റുകൾ വാങ്ങി താഴെ പറയുന്ന വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(എ) എ.എം.എൽ.പി. സ്കൂൾ, മരുതൂർ

(ബി) എ.എം.എൽ.പി. സ്കൂൾ, ശങ്കരമംഗലം

(സി) ബി.കെ.എം.എൽ.പി. സ്കൂൾ, കൊടലൂർ

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ഉണ്ടായ അപാകതകൾ താഴെ ചേർക്കുന്നു.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നം. 362/ 2013/ ത.സ്വ.ഭ.വ തിയതി 16.11.13 ലെ അനുബന്ധം -1 ലെ മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ ഖണ്ഡിക-6 പ്രകാരം വിദ്യാഭ്യാസ രംഗത്ത് പൊതു ഫണ്ട് വിനിയോഗിക്കുമ്പോൾ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിക്കുന്നതിന് മുൻഗണന നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത്/ നഗര സഭാ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ മുഴുവൻ പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് നഗരസഭയോ ക്ഷമതയുള്ള മറ്റു അധികാരികളോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) മേൽ പറഞ്ഞ പദ്ധതി മാർഗ്ഗരേഖാ അനുബന്ധം -16 – സബ്സിഡിയും മറ്റു അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ- ഖണ്ഡിക 7-19 ഉപഖണ്ഡിക -4 പ്രകാരം കുടിവെള്ളം, ടോയ്ലറ്റ് നിർമാണം എന്നീ പ്രൊജക്ടുകൾ എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡപ്രകാരം നടപ്പാക്കിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കാവുന്നതാണ്. എയ്ഡഡ് വിദ്യാലയങ്ങൾക്കുള്ള ഈ ആനുകൂല്യം മേൽ പറഞ്ഞ ഘടകങ്ങൾക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

(3) പഞ്ചായത്തിനു വിട്ടു കിട്ടിയ സ്കൂളുകൾക്ക് മൈക്ക്സെറ്റ് വാങ്ങി നൽകൽ എന്നതാണ് അംഗീകരിക്കപ്പെട്ട പ്രൊജക്ട് എന്നിരിക്കെ, തദ്ദേശ സ്ഥാപനത്തിന് വിട്ടുകിട്ടാത്തതും, സ്വകാര്യ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ളതുമായ വിദ്യാലയങ്ങൾക്കാണ് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി നൽകിയിരിക്കുന്നത്. ആയതിനാൽ പ്രൊജക്ടിന് ചെലവഴിച്ച തുക 49950 രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിലെ അപാകതൾ

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾക്കായി അനുവദിക്കുന്ന മെയ്ന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിനായി വ്യാപകമായി ഉപയോഗപ്പെടുത്തുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. സർക്കുലർ നം. 68/228 /എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് വരുകിൽ ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്.

2015-16 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നഗരസഭയിൽ നടപ്പിലാക്കിയ 108 പദ്ധതികളിൽ 27ഉം റോഡുകളുടെ കോൺക്രീറ്റിംഗ് പ്രവർത്തിയാണ്. ഇതിനായി മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും ആകെ 5700380 രൂപ ചെലവിച്ചിട്ടുണ്ട്.

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ നിർമ്മിതികൾ ഏറ്റെടുക്കാവൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ നഗരസഭയിലെ മുഴവൻ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതലയും ഗുണഭോക്തൃ സമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണകളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ചട്ടങ്ങളിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കുന്നതിൽ ഗുണഭോക്തൃ സമിതികൾ വീഴ്ചവരുത്തിയതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഓഡിറ്റിന് വിധേയമാക്കിയ ഫയലുകളിൽ

കണ്ടെത്തിയ അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

എ. പൊതുമരാമത്ത് പണിക്കുപയോഗിച്ച സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. പ്രവൃത്തികളുടെ ഫയലുകൾ കൺവീനർമാർ അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ബി. ഗുണഭോക്തൃ സമിതിക്ക് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങൾ ഉള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതാണ്. പല പ്രവൃത്തികളുടേയും ഫയലുകളിൽ ഗുണഭോക്തൃസമിതിയുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ലെന്ന് കണ്ടെത്തി.

സി. കൺവീനറുടേയും ചെയർമാന്റേയും പേരിൽ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്തുവാൻ പാടുള്ളൂ. മുൻകൂർ, ബിൽ തുക എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്കൗണ്ടുകളുടെ പാസ്ബുക്കോ, സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഡി. ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങേണ്ടതാണ്. അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പിട്ടുവിക്കേണ്ടതാണ്. ഈ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ഇ. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 പ്രകാരം വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക, തുടങ്ങിയവയുടെ കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല പ്രവൃത്തികളുടേയും ഫയലുകളിൽ മസ്റ്റർറോളുകളും ബില്ലുകളും സൂക്ഷിച്ചിട്ടില്ല. രേഖകളിൽ ഒന്നിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

എഫ്. കൺവീനർമാർക്ക് 25% മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണെങ്കിലും ആയത് ആർക്കുംതന്നെ അനുവദിച്ചിട്ടില്ല.

ജി.ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക്

ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ)

എച്ച്. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾ - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നില്ല

ഐ.മസ്റ്റർ റോൾ കൃത്യമല്ല. ഇതിൽ ഗ്രാമ പഞ്ചായത്തിന്റെ പേര്, വാർഡ് നം, മസ്റ്റർ റോളിന്റെ ക്രമ നം,പ്രവൃത്തിയുടെ പേര്, പ്രവൃത്തി നടന്ന മാസം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ ഒപ്പ് ഇല്ല. മസ്റ്റർ റോൾ ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്നത് ഉചിതമല്ലെന്ന് ചീഫ് എഞ്ചിനിയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിന് കരാർ നല്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുമ്പോൾ ഗുണഭോക്തൃസമിതി കൺവീനർ എന്ന വ്യാജേന ബിനാമികൾ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ 13-11-2014 തിയതിയിൽ പുറപ്പെടുവിച്ച ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ സമിതികൾക്ക് ഏല്പ്പിച്ചു നൽകുന്ന പ്രവൃത്തികൾ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് എഞ്ചിനിയർ ഉറപ്പാക്കുന്ന തോടൊപ്പം. സമിതികൾ മുഖേനയുള്ള പ്രവൃത്തിനിർവഹണം പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള അനുകൂല സാഹചര്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നില്ലെന്നും പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ

## വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-7 | 2006-07 | 3.65.1 | ഷോപ്പിംഗ് കോംപ്ലക്സ് വാർഷിക വാടക വർദ്ധനവ് വരുത്തിയില്ല- | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നാളിതുവരെ വിഷയം പരിഗണിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | 657288 രൂപയുടെ നഷ്ടം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41239106 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45517826 |
| വരവിനങ്ങളിലുള്ള നഷ്ടം | 54672 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4532 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1165296 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 18224 | - | ശ്രീ.രതീനാഥ്.ആർ, സെക്രട്ടറി |
| | 18224 | - | ശ്രീ.രാജമോഹൻ പോറ്റി, സെക്രട്ടറി |
| | 18224 | - | ശ്രീ. മുരുകൻ ആശാരി, സെക്രട്ടറി |
| 3-6 | | 3508 | ശ്രീ.ഷാജി.വി.എ. മുനിസിപ്പൽ എഞ്ചിനിയർ |
| 3-7 | | 1024 | ശ്രീമതി.സീനത്ത് ബീവി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 54672 | | |
| | | 4532 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1115346 | ശ്രീ.രതീനാഥ്.ആർ, സെക്രട്ടറി |
| 3-8 | 49950 | ശ്രീമതി. രമ. പി.എൻ പ്രധാനാധ്യാപിക |
| ആകെ | 1165296 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീനാഥ്.ആർ, സെക്രട്ടറി | സെക്രട്ടറി, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | ശ്രീരംഗം, കൂറ്റനാട്(പി.ഒ), പാലക്കാട് |
| ശ്രീ.രാജമോഹൻ പോറ്റി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, പട്ടാമ്പി നഗരസഭ | ശ്രീരാഗം, ചെറുകുന്നം, വർക്കല(പി.ഒ), തിരുവനന്തപുരം |
| ശ്രീ. മുരുകൻ ആശാരി, ജെ.എസ് | ജെ.എസ്. സെക്രട്ടറി, പട്ടാമ്പി നഗരസഭ | മേലേ കുന്നംപുറത്ത് വീട്, തിരുവല്ലം (പി.ഒ), തിരുവനന്തപുരം-27 |

| | | |
|---|---|---|
| ശ്രീ.ഷാജി.വി.എ.<br>മുനിസിപ്പൽ<br>എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>ആളൂർ ഗ്രാമ പഞ്ചായത്ത്<br>തൃശ്ശൂർ ജില്ല | ഉമ്മല പറമ്പിൽ വീട്<br>മന്ദിരപ്പിള്ളി<br>ചെമ്പൂച്ചിറ, തൃശ്ശൂർ |
| ശ്രീമതി.സീനത്ത്<br>ബീവി | വിരമിച്ചു | വലിയ വീട്<br>പൂക്കാട് പനയമ്പിള്ളി<br>റോഡ്<br>മുണ്ടം പാലം<br>തൃക്കാക്കര പി.ഓ |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 | |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 | |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 | |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 | |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 | |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 | |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 | |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 | |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 | |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 | |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 | |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 | |
| 2011-12 | എൽ.എഫ്.പി13-1809/13 /18-3-2014 | 4 | |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 | |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**1**

**അനുബന്ധം 1**

നം. കെ.എസ്.എ-പികെഡി.22/166/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -14-02-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടാമ്പി നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. 1-11-2015 മുതൽ 31-3-2016 വരെയുള്ള ബി-ഫണ്ട് വരവ് വാർഷിക കണക്കിലെ I-6 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-22-166 /2017

Kerala State Audit Department

District Audit Office, Palakkad

Date –14-02-2017

## Audit Certificate

Certified that I have audited the Annual Financial Statement of Pattambi Municipality in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municipality Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pattambi Municipality for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Senior Deputy Director

## Abstract of Defects

1. details of receipt in respect of B-Fund not included in I-6 schedule in the AFS.
2. Demand and Arrear Demand Registers of Property Tax not perpared and certified by the Sercretary.

3. Abstract not recorded and certified by the Secretary in the Profession Tax Demand Register.
4. Demand register of Entertainment Tax not completed and certified by the Secretary.

5 Asset value not updated and linked with Sankhya.

.

Senior Deputy Director